<u>രജിസ്റ്റേർഡ് തപാൽ / ഇ - മെയിൽ</u>

<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം**

നമ്പർ. DME/1648/2021-G5 തീയതി: 14/05/2021

## <u>പരിപത്രം</u>

വിഷയം : മെ.വി.വ – ജീവനക്കാര്യം – **ലക്ചറർ ഇൻ എന്റമോളജി** തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

പരാമർശം :
1. സർക്കാർ ഉത്തരവ് നമ്പർ GO(MS)159/81/Health തീയതി: 27.5.81.
2. സർക്കാർ കത്ത് നമ്പർ ബി2/8/2021/ആകുവ തീയതി: 05.04.2021.

പരാമർശം (1) സർക്കാർ ഉത്തരവിന്റേയും, പരാമർശം (2) സർക്കാർ കത്തിലെ നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ "**ലക്ചറർ ഇൻ എന്റമോളജി**" തസ്തികയിൽ, നിലവിലുള്ള ഒരു ഒഴിവ് ബൈ പ്രൊമോഷൻ മുഖേന നികത്താൻ തീരുമാനിച്ചിരിക്കുന്നു. ടി തസ്തികയുടെ ശമ്പള സ്കെയിൽ, യോഗ്യത, നിയമന രീതി എന്നിവ ചുവടെ ചേർക്കുന്നു.

### <u>ശമ്പള സ്കെയിൽ</u>

Rs. 15600-39100 + 5400 AGP, (UGC), Revised pay matrix level 10, as per Clause 8. 3 of GO(P)No.54/2020/H&FWD dated.11-09-2020.

### <u>യോഗ്യത, നിയമന രീതി</u>

<u>യോഗ്യത</u> : M.Sc. Entomology or alternatively
M.Sc. Zoology Ist or 2nd Class with experience in Medical Entomology in a Medical College for a period of not less than 5 years.

<u>നിയമന രീതി:</u>

(1) By promotion from academically qualified Entomological Assistants on Rs. 220-370 (pre - revised) in the Medical Colleges who have satisfactorily completed the prescribed period of probation.

(In the absence of qualified hands under item 1 above)

(2) By Direct Recruitment.

മേൽ പരാമർശിച്ച യോഗ്യതയുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ "Entomological Assistants" തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരിൽ നിന്നും "ലക്ചറർ ഇൻ എന്റമോളജി" തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിയ്ക്കുന്നു.

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമയിൽ ആയിരിക്കേണ്ടതും, അപേക്ഷയോടൊപ്പം യോഗ്യത, പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

അപേക്ഷകൾ **31-05-2021** നോ അതിനു മുൻപോ ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖേന അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും; പ്രിൻസിപ്പാൾമാർ ലഭ്യമായ അപേക്ഷകൾ ജീവനക്കാരുടെ സേവന വിവരങ്ങളുമായി ഒത്തു നോക്കി പരിശോധിച്ച്, നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തി **07-06-2021** നോ അതിനു മുൻപോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്. വൈകി ലഭിക്കുന്നതും, അപൂർണ്ണവും, അനുബന്ധ രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതും, നേരിട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

Signature valid

Digitally signed by DR REMLA BEEVI A
Date: 2021.05.14 14:25:57 IST
Reason: Approved

ഡയറക്ടർ
**DR.REMLA BEEVI.A**
**DIRECTOR**

സ്വീകർത്താവ് :

1) പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്,
   തിരുവനന്തപുരം / കൊല്ലം / ആലപ്പുഴ / കോട്ടയം / ഇടുക്കി / കോന്നി / എറണാകുളം / തൃശ്ശൂർ / മഞ്ചേരി / കോഴിക്കോട് / കണ്ണൂർ / കാസർഗോഡ് / വയനാട്.
2) പ്രിൻസിപ്പൽ, സർക്കാർ ദന്തൽ കോളേജ്,
   തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / തൃശ്ശൂർ /കോഴിക്കോട്.
3) പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്,
   തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / എറണാകുളം തൃശ്ശൂർ / കോഴിക്കോട് / കണ്ണൂർ.

   (ക്രമ നം. (1), (2), (3), അതാത് സ്ഥാപനത്തിൽ ജോലിനോക്കുന്ന ടി തസ്തികകളിലെ ജീവനക്കാർക്ക് ഈ പരിപത്രം സമയബന്ധിതമായി രേഖാമൂലം കൈമാറേണ്ടതാണ്).

പകർപ്പ് :

1) നോട്ടീസ് ബോർഡ് / വെബ് സൈറ്റ്.
2) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ മെഡിക്കൽ കോളേജുകളിലെ "**ലക്ചറർ ഇൻ എന്റമോളജി**" തസ്തികയിലേയ്ക്ക് (15600-39100 + 5400 AGP ശമ്പള സ്കെയിലിൽ) 27.05.81 ലെ സർക്കാർ ഉത്തരവ് GO (MS) 159/81/ Health പ്രകാരം

ബൈ പ്രൊമോഷൻ മുഖേന നിയമനം ലഭിയ്ക്കുന്നതിനുള്ള അപേക്ഷ.

| | | |
|---|---|---|
| 1. | അപക്ഷകന്റെ പേര്, തസ്തിക | |
| 2. | ജോലി ചെയ്യുന്ന സ്ഥാപനം | |
| 3. | ജനന തീയതി | |
| 4. | യോഗ്യത, വിദ്യാഭ്യാസം (സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം) | |
| 5. | പ്രവൃത്തി പരിചയം (സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം) | |
| 6. | ശമ്പളം, ശമ്പള നിരക്ക് | |
| 7. | സർക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 8. | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി : | |
| 9. | ഇപ്പോൾ സേവനം ചെയ്യുന്ന തസ്തികയിൽ പ്രവേശിച്ച തീയതി (ഉത്തരവിന്റെ പകർപ്പ്) | |
| 10. | ടി തസ്തികയിൽ നിരീക്ഷണകാലസേവനം പൂർത്തിയായതായി പ്രഖ്യാപിച്ച തീയതിയും ഉത്തരവ് നമ്പരും, ഉത്തരവിന്റെ പകർപ്പ് | |
| 11. | യോഗ്യമല്ലാത്ത കാലം (ശൂന്യവേതന അവധി / അച്ചടക്ക നടപടി) | |
| 12. | അച്ചടക്ക നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ / നിലവിലുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം. | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ____________________________________ ആയ ഞാൻ പ്രസ്താവിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ തെറ്റാണെന്ന് തെളിയുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതും നിയമപരമായ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതുമാണ്.

ഒപ്പ് :

സ്ഥലം : പേരും തസ്തികയും :

തീയതി: സ്ഥാപനം :

അപേക്ഷയിലെ ക്രമ നമ്പർ 1 മുതൽ 12 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന വിവരങ്ങളുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി:

ഒപ്പ് :

പ്രിൻസിപ്പാൾ

ഓഫീസ് മുദ്ര